**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4980** **11-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് 19 മൂന്നാം തരംഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ്-19 മൂന്നാം തരംഗത്തെ നേരിടാൻ സംസ്ഥാനത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | കോവിഡ് മൂന്നാം തരംഗം വരാനിടയുണ്ടെന്ന മുന്നറിയിപ്പുകളെ തുടർന്ന് ഫലപ്രദമായി പ്രസ്തുത സാഹചര്യം നേരിടുന്നതിനുവേണ്ട മുൻകരുതലുകൾ ആരോഗ്യവകുപ്പ് സ്വീകരിച്ചു വരുന്നു. 1. രോഗമുള്ളവരെയെല്ലാം കണ്ടെത്തുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നതിനായി ടെസ്റ്റിംഗ്, ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ശക്തമാക്കിയിട്ടുണ്ട്. 2. രണ്ടാം തരംഗത്തിൽ കേസുകൾ കൂടിയ സാഹചര്യം മുൻകൂട്ടിക്കണ്ട് കൂടുതൽ ഓക്സിജൻ ബെഡുകൾ, വെന്റിലേറ്ററുകൾ ICU എന്നിവ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 3. പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചും നിലവിലുള്ള കോവിഡ് ആശുപത്രികളിലേയും CFLTC കളിലേയും സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വിദഗ്ധ ചികിത്സ ഉറപ്പ് വരുത്തുന്നു. ജില്ലാ തലത്തിലുള്ള DPMSU (Disaster Project Management Support Unit)കൾ വഴി ഒഴിവുള്ള സ്ഥലങ്ങളിലെ ബെഡുകൾ രോഗികൾക്കു ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 4. ഓക്സിജൻ ലഭ്യത ഉറപ്പു വരുത്തുന്നതിനായി അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ് ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ സജ്ജീകരിക്കുന്നതിന് വേണ്ട നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഇതോടൊപ്പം ഓക്സിജൻ ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. 5. ഓക്സിജന്റെ ഉപയോഗം, സ്റ്റോക്ക്, സ്ഥിതി ആവശ്യകത ഇവ നിരന്തരം മോണിറ്റർ ചെയ്യുന്നതിനുള്ള ഓക്സിജൻ വാർ റൂമുകൾ വഴി ജില്ലാ സംസ്ഥാന തലങ്ങളിൽ പ്രവർത്തനം ഏകോപിപ്പിക്കുന്നു. 6. കോവിഡ് ചികിത്സയ്ക്കാവശ്യമായ വിവിധതരം മരുന്നുകളും മറ്റ് ആശുപത്രി ഉപകരണങ്ങളും കെ.എം.എസ്.സി.എൽ മുഖേന മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനുള്ള |

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 7. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP -ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50% ബെഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റി വയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. 8. പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കോവിഡിന് ശേഷമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ ലഭ്യമാക്കി വരുന്നു. 9. കോവിഡിന്റെ മാറി വരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് ഡോക്ടർമാർക്കും, വിവിധ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലന പരിപാടികൾ നടത്തി. പൊതുജനങ്ങൾക്കായുള്ള ആരോഗ്യ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. 10. സംസ്ഥാന തല വിദഗ്ദ്ധ സമിതി നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തീരുമാനങ്ങൾ സർക്കാർ തലത്തിൽ കൈക്കൊള്ളുകയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. 11. ബഹു.കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന തല ഉദ്യോഗസ്ഥരേയും ജില്ലാതല കളക്ടർമാരുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് അവലോകന യോഗങ്ങൾ വഴി സംസ്ഥാനത്തെ കോവിഡ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു. 12. വിവിധവകുപ്പുകളുടെ ഏകോപനം ഉറപ്പു വരുത്തിക്കൊണ്ടും ജനപ്രതിനിധികളുടേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. 13. വാക്സിൻ ലഭ്യത ഉറപ്പ് വരുത്തുന്നതിനും പരമാവധി ജനങ്ങളിലേക്ക് വാക്സിൻ എത്തിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ച് നടപ്പിലാക്കി വരുന്നു. 14. ലോകമെമ്പാടും മൂന്നാം തരംഗത്തിൽ കുട്ടികളെയാണ് രോഗം കൂടുതലായി ബാധിക്കുക എന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെട്ടതിനെ തുടർന്ന് കേരളത്തിലും കുട്ടികൾക്ക് വേണ്ടിയുള്ള ചികിത്സാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 15.

| | | | |
|---|---|---|---|
| | | | PHC/FHC/CHC കളിൽകൂടി കോവിഡ് പ്രാഥമിക ചികിത്സയും താലൂക്ക് ആശുപത്രികൾ മുതൽ റഫറൽ ചികിത്സയും താരതമ്യേന ഗുരുതരമായ കേസുകൾ ജില്ലാ/ജനറൽ ആശുപത്രികളിലും അതീവ ഗുരുതരമായ കേസുകൾ മെഡിക്കൽ കോളേജുകളിലും ചികിത്സ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 16. മേൽപ്പറഞ്ഞ എല്ലാ സംവിധാനങ്ങളിലും കുട്ടികളെ ചികിത്സിക്കുന്നതിന് വേണ്ടി പ്രത്യേക സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. 17. താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, അമ്മയും കുഞ്ഞും ആശുപത്രി എന്നിവിടങ്ങളിൽ High Dependency Unit സ്ഥാപിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 18. എല്ലാ മെഡിക്കൽ കോളേജുകളിലും ഏറ്റവും കുറഞ്ഞത് പത്ത് പീഡിയാട്രിക് ICU കിടക്കകൾ വീതം സജ്ജീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മൂന്നാം തരംഗത്തിന്റെ സാധ്യത കണക്കിലെടുത്ത് critical care team കളെ സജ്ജമാക്കാനുള്ള പരിശീലന പരിപാടി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ